<u>ഭരണഭാഷ- മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(സാന്നിധ്യം: ശ്രീകുമാർ ബി.)**

വിഷയം :- ഡിഇഎസ്- ജീവനക്കാര്യം -സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസിലെ ഒരു സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയും ആസ്ഥാന കാര്യാലയത്തിലെ ഒരു എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയും പരസ്പരം ഷിഫ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 ) 21/03/2025 ലെ സ.ഉ.(സാധാ) നം.113/2025/P&EA നമ്പർ സർക്കാർ ഉത്തരവ്.

2) കേരള പബ്ലിക് സർവീസ് കമ്മീഷൻ, കണ്ണൂർ ജില്ലാ ഓഫീസറുടെ 06/07/2024 ലെ C5-2/01/2023/-KPSC-DOKNR (2) നിയമന ശിപാർശ.

3) ഈ ഓഫീസിലെ 25/07/2024 ലെ ഡി ഇ എസ്/4291/2023-ഇ ബി 3 നമ്പർ ഉത്തരവ്.

4) ഈ ഓഫീസിലെ 14/08/2024 ലെ ഡി ഇ എസ്/3436/2024- ഇ ബി 3 നമ്പർ ഉത്തരവ്.

5) ഈ ഓഫീസിലെ 10/12/2024, 10/03/2025 തിയ്യതികളിലെ ഇതേ നമ്പർ കത്തുകൾ.

<u>ഉത്തരവ് നമ്പർ:ഡിഇഎസ്/3436/2024- ഇ ബി 3; തീയതി: 28-03-2025</u>

പരാമർശം (2) നിയമന ശിപാർശയുടെ അടിസ്ഥാനത്തിലും, പരാമർശം (3) നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിലും ഈ വകുപ്പിലെ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ 07/08/2024 പൂർവ്വാഹ്നം എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ശ്രീജിത്ത് ഇ. കെ.(പെൻ : 989930) സ്വന്തം DRB ആയ കണ്ണൂർ ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ടിയാന്റെ DRB ആയ കണ്ണൂർ ജില്ലയിലേക്ക് അലോട്ട് ചെയ്ത് ഉത്തരവായിരുന്നു. ശ്രീ. ശ്രീജിത്ത് ഇ.കെ. 95 % കേൾവിയും സംസാരശേഷിയും ഇല്ലാത്ത വ്യക്തിയായതിനാൽ സ്പെഷ്യൽ കേസ് ആയി പരിഗണിച്ച് Compassionate Ground-ൽ ടിയാനെ കണ്ണൂർ ജില്ലയിൽ നിയമനം നൽകുന്നതിലേക്കായി പരാമർശം (5) കത്തുകൾ പ്രകാരം ആസ്ഥാന കാര്യാലയത്തിലെ ഒരു എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസിലെ ഒരു സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയും പരസ്പരം ഷിഫ്റ്റ് ചെയ്യുന്നതിനായി ഈ ഓഫീസിൽ നിന്നും സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിരുന്നു. കൂടാതെ ശ്രീ. ശ്രീജിത്ത്.ഇ.കെ-യ്ക്ക് സ്വദേശമായ കണ്ണൂർ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ടിയാന്റെ പിതാവായ ശ്രീ ഗോവിന്ദൻ.പി.പി സർക്കാരിലേക്ക് നിവേദനവും സമർപ്പിച്ചിരുന്നു.

പരാമർശം (1) പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതനായ ശ്രീ. ശ്രീജിത്ത് ഇ.കെ-യുടെ സഹതാപാർഹമായ അവസ്ഥ കണക്കിലെടുത്ത്, നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി, കണ്ണൂർ ജില്ലാ ഓഫീസിലെ ഒരു സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയും ആസ്ഥാന കാര്യാലയത്തിലെ ഒരു എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയും പരസ്പരം ഷിഫ്റ്റ് ചെയ്യുന്നതിന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലേക്ക് ഷിഫ്റ്റ് ചെയ്ത എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ശ്രീ. ശ്രീജിത്ത് ഇ.കെ. (പെൻ : 989930)-ന്ന് സ്ഥലംമാറ്റം നൽകുവാനും ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതനായ ശ്രീ. ശ്രീജിത്ത് ഇ.കെ. (പെൻ : 989930)-യുടെ സഹതാപാർഹമായ അവസ്ഥ കണക്കിലെടുത്ത്, നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി, കണ്ണൂർ ജില്ലാ ഓഫീസിലെ ഒരു സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയും ആസ്ഥാന കാര്യാലയത്തിലെ ഒരു എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയും പരസ്പരം ഷിഫ്റ്റ് ചെയ്ത് ഉത്തരവാകുന്നു. പരാമർശം (4) പ്രകാരം ശ്രീ. ശ്രീജിത്ത് ഇ.കെ.-യുടെ അപേക്ഷ പരിഗണിച്ച് കണ്ണൂർ ജില്ലയിലേക്ക് ടിയാനെ അലോട്ട് ചെയ്ത് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലേക്ക് ഷിഫ്റ്റ് ചെയ്ത എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ശ്രീ. ശ്രീജിത്ത് ഇ.കെ. (പെൻ : 989930)-ന്ന് സ്ഥലംമാറ്റം നൽകിയും ഉത്തരവാകുന്നു.

ഇതോടൊപ്പം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തിക ആസ്ഥാന കാര്യാലയത്തിലേക്ക് ഷിഫ്റ്റ് ചെയ്ത സാഹചര്യത്തിൽ ടി തസ്തികയിലേക്ക് പ്രസ്തുത ഓഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. ഷിനു. ജി. (പെൻ : 705434)-ന്ന് സ്ഥലംമാറ്റം നൽകിയും ആസ്ഥാന കാര്യാലയത്തിലെ എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി. ജിജി രവീന്ദ്രൻ (പെൻ : 756439)-നെ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ശ്രീ. ശ്രീജിത്ത് ഇ.കെ.-യെ കണ്ണൂർ ജില്ലാ ഓഫീസിലേക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകിയും ഉത്തരവാകുന്നു. സ്ഥലംമാറ്റം നൽകിയ ജീവനക്കാർ യഥാസമയം പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ടി വിവരം നിയന്ത്രണാധികാരി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signed by
Sreekumar B
DIRECTOR
Date: 28-03-2025 15:25:36

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : -
1) പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. ( ആമുഖകത്ത് സഹിതം)
2) അഡീഷണൽ ഡയറക്ടർ, സ്റ്റേറ്റ് ഇൻകം.
3) ജോയിന്റ് ഡയറക്ടർ, അഗ്രിക്കൾച്ചർ സെൻസസ് വിഭാഗം.
4) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, കണ്ണൂർ.
5) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, അക്കൗണ്ട്സ് വിഭാഗം.
7) സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ബഡ്ജറ്റ് വിഭാഗം.
8) ഫയൽ/കരുതൽ ഫയൽ